പത്രക്കുറിപ്പ്
10-10-2017

# യാത്രാ ദുരിതത്തിന് പരിഹാരമായി കുടുംബശ്രീ ആജീവിക എക്സ്പ്രസ്

തിരുവനന്തപുരം: ഉൾനാടൻ ഗ്രാമ പ്രദേശങ്ങളിലെ യാത്രാ ദുരിതത്തിന് പരിഹാരമായി വരുന്നൂ കുടുംബശ്രീയുടെ ആജീവിക എക്സ്പ്രസ്. ഓട്ടോ, ജീപ്പ് തുടങ്ങിയ വാഹനങ്ങൾ വാങ്ങി നൽകി അയൽക്കൂട്ടങ്ങൾ വഴി ഗതാഗത സൗകര്യം ഏർപ്പെടുത്തി നൽകാനാണ് പദ്ധതി വഴി കുടുംബശ്രീ ഉദ്ദേശിക്കുന്നത്. കേന്ദ്ര പദ്ധതിയായ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ (എൻആർഎൽഎം) ഭാഗമായാണ് ആജീവിക എക്സ്പ്രസ് പ്രാവർത്തിക മാക്കുന്നത്. പത്തനംതിട്ട, ഇടുക്കി, തൃശൂർ എന്നീ ജില്ലകളിലെ തിരഞ്ഞെടുത്ത നാല് ബ്ലോക്കുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുകയാണ് ആദ്യ പടി. ജനങ്ങളു ടെ യാത്രാ ദുരിതത്തിന് പരിഹാരമാകുന്നതിനോടൊപ്പം കുടുംബശ്രീ അംഗങ്ങൾക്ക് ആജീവി ക എക്സ്പ്രസ് വഴി  ഒരു വരുമാന മാർഗ്ഗം കൂടി തുറന്നു ലഭിക്കും.

മലയോര, ഉൾനാടൻ ഗ്രാമങ്ങളിൽ വാഹനം വാങ്ങാൻ ധനസഹായം നൽകുന്ന ആജീവിക എക്സ്പ്രസ് പദ്ധതി ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം ഈ വർഷമാണ് ആരംഭിച്ചത്. ഇത്തരത്തിലുള്ള പ്രദേശങ്ങളിലെ ഗതാഗത മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ ആജീവിക എക്സ്പ്രസ് പദ്ധതിക്ക് കഴിയും. പത്തനംതിട്ട ജില്ലയിലെ പറക്കോട്, റാന്നി ബ്ലോക്കുകളിലും ഇടുക്കി ജില്ലയിലെ ദേവികുളം, തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്കുകളിലുമാണ് പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത്.

സർക്കാരോ സ്വകാര്യ വ്യക്തികളോ ബസ് സർവീസുകൾ നടത്താത്ത മേഖലകളിൽ ആജീവിക എക്സ്പ്രസ് വഴി ഗതാഗത സൗകര്യം ഏർപ്പെടുത്താനാണ് കുടുംബശ്രീ ലക്ഷ്യ മിടുന്നത്.  ഇത്തരം മേഖലകളിൽ യാത്രയ്ക്ക് വേണ്ടി സമാന്തര സർവീസുകളെ ആശ്രയി ക്കേണ്ടി വരുന്ന ജനങ്ങൾക്ക് വൻതുക ചെലവഴിക്കേണ്ടി വരുന്നു. ഇവിടെ ആജീവികാ എക്സ്പ്രസ് സൗകര്യം ഏർപ്പെടുത്തുന്നതോടെ സുരക്ഷിതവും കീശ ചോരാത്തതുമായ ഒരു ഗതാഗത സേവനം ഉപയോഗപ്പെടുത്താനുള്ള അസുലഭ അവസരം ജനങ്ങൾക്ക് കൈവരും. പദ്ധതി പ്രകാരം ഓരോ ബ്ലോക്കിലും 6.5  ലക്ഷം രൂപ വരെ പലിശരഹിത വായ്പയായി നൽ കും. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ടിൽ നിന്നാകും ഈ തുക നൽകുന്നത്. കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളുടെ (സിഡിഎസ്) മേൽനോട്ടത്തിലാകും ഗതാഗത സേവനം നടത്തുക. തെരഞ്ഞെടുക്കപ്പെടുന്ന അയൽക്കൂട്ട വനിതകൾക്ക് ഡ്രൈവിങ്ങിലും മറ്റും നൈപുണ്യ പരിശീലനവും നൽകും. കൂടാ തെ വാഹനങ്ങളുടെ അടിസ്ഥാന മെക്കാനിക്കൽ പ്രവർത്തനങ്ങൾ പഠിപ്പിക്കുകയും ചെയ്യും.

നാളുകൾക്ക് മുമ്പേ പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ കുടുംബശ്രീ വനിതകൾ ജീപ്പ് സർവീസ് ആരംഭിക്കുകയും അത് വിജയമാകുകയും ചെയ്തിരുന്നു. ഇത് കൂടാതെ എറണാകുളം ജില്ലയിലെ എടക്കാട്ട്വയലിൽ ഒരു സംഘം കുടുംബശ്രീ അംഗങ്ങൾ ബസ് സർവ്വീസും വിജയകരമായി നടത്തുന്നുണ്ട്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ